25/11/21

DESPATCHED
ON. 6/01/22

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

ഹർജി നമ്പർ **CP. No.36(5)/2019/SIC**
തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.1217/SIC-G7/2019**

സന്നിഹിത
ശ്രീമതി പി.ആർ. ശ്രീലത, സംസ്ഥാന വിവരാവകാശ കമ്മീഷണർ
ഉത്തരവ് തീയതി: 25.11.2021

**ശ്രീ.പി.ജി.ഗോപാലകൃഷ്ണൻ നായർ**
**പുലിയുറുമ്പിൽ വീട്**
**ചാലാപ്പള്ളി പി.ഒ., എഴുമറ്റൂർ വഴി**
**പത്തനംതിട്ട – 689 586** } **പരാതിക്കാരൻ**

Vs

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
**ഡെപ്യൂട്ടി സെക്രട്ടറി**
**പൊതുഭരണ (എസ്.സി) വകുപ്പ്,**
**ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
**ആരോഗ്യ കുടുംബക്ഷേമ വകുപ്പ്**
**ഗവ.സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം** } **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷ തീയതി | 13.12.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 18.12.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 25.01.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 25.01.2019 |

## ഉത്തരവ്

**സംസ്ഥാന വിവരാവകാശ കമ്മീഷൻ മുൻപാകെ വിവരാവകാശ നിയമം 18(1) വകുപ്പ് പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ.പി.ജി.ഗോപാലകൃഷ്ണൻ നായർ, 25.01.2019–ൽ സമർപ്പിച്ച പരാതി ഹർജി അന്നേ ദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No.36(5)/19/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.**

2. **പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച പരാതിയ്ക്ക് മറുപടിയൊന്നും ലഭ്യമായി**

ല്ലെന്നും ആയതിന് മറുപടി ലഭ്യമാക്കണമെന്ന ആക്ഷേപത്തിൻമേൽ നടപടി സ്വീകരിക്കണമെന്നുമാണ്.

3. വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം പരാതി ഹർജിക്കാരൻ 13.12.2018–ൽ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നത്,

   i. റാന്നി–തോട്ടമൺ ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങൾക്ക് വേണ്ടി സാനിറ്റേഷൻ ഹെൽത്ത് ഇൻസ്പെക്ടർ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുവേണ്ടി 2016 മുതൽ 2018 വർഷം വരെ പത്തനംതിട്ട ഡി.എം.ഒ. ഓഫീസിൽ നിന്നും വെച്ചുച്ചിറ സി.എച്ച്.സി യ്ക്ക് നൽകിയ ഉത്തരവുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

   ii. വെച്ചുച്ചിറ സി.എച്ച്.സിയിൽ നിന്നും 28.10.2016–ൽ 124/16 നമ്പരായും 12.05.2017–ൽ 109/2017 നമ്പരായും സീമ കെ.നായർ, മുട്ടുമണ്ണിൽ, തടിയൂർ പി.ഒ. എന്ന വ്യാജ മേൽവിലാസക്കാരിക്ക് വ്യാജ സർട്ടിഫിക്കറ്റ് നൽകിയതായി രേഖകൾ വ്യക്തമാക്കുന്നു. ടി സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനായി സീമ കെ.നായർ എന്ന വ്യാജ വിലാസക്കാരി വെച്ചുച്ചിറ സി.എച്ച്.സിയിൽ കൊടുത്ത അപേക്ഷകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്ന് തുടങ്ങി 3 മുതൽ 8 വരെയുള്ള ഇനങ്ങളിലുമാണ്.

4. പരാതി ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. ടെലഫോൺ മുഖാന്തിരം നടന്ന നേർവിചാരണയ്ക്ക് എതിർകക്ഷികളും പരാതി ഹർജിക്കാരനും പങ്കെടുത്ത് മൊഴി നൽകുകയുണ്ടായി പ്രസ്തുത അപേക്ഷയ്ക്ക് നാളിതുവരെ വിവരം ലഭ്യമായിട്ടില്ല എന്നാണ് പരാതി ഹർജിക്കാരൻ കമ്മീഷനെ അറിയിച്ചത്.

5. വസ്തുതകൾ മൊത്തത്തിൽ വിലയിരുത്തുമ്പോൾ, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുകയോ കമ്മീഷൻ ആവശ്യപ്പെട്ടതു പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാക്കുകയോ രണ്ടാം എതിർകക്ഷി ചെയ്തിട്ടില്ല എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ഒന്നാം എതിർകക്ഷിയുടെ ഭാഗത്തു നിന്നും നിയമാനുസൃത നടപടി ഉണ്ടായിട്ടുള്ളതായും കമ്മീഷന് ബോദ്ധ്യപ്പെട്ടു.

6. മേൽ സാഹചര്യത്തിൽ ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ, പൊതുഭരണ (സ്ട്രിക്റ്റിലി കോൺഫിഡൻഷ്യൽ) വകുപ്പിൽ നിന്നും 6(3) പ്രകാരം കൈമാറി ലഭിച്ചിട്ടുള്ള ടിയാന്റെ 13.12.2018ലെ അപേക്ഷയിൻമേൽ ആവശ്യപ്പെട്ട വിവരം സൗജന്യമായി നൽകേണ്ടതാണെന്ന് രണ്ടാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

7. ഇപ്രകാരം ഈ പരാതിഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 25–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ശ്രീലത. പി.ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയപകർപ്പ്

ഫിനാൻസ് എക്സ്പേർട്ട്

RIGHT TO INFORMAT